# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 മാർച്ച് 21, ബുധൻ

**നമ്പർ 118**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

വിദ്യാഭ്യാസ അവകാശ നിയമം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ അംഗീകാരം ലഭിക്കാത്ത അൺ എയിഡഡ് സ്കൂളുകൾ അടച്ചുപൂട്ടാനുള്ള തീരുമാനംമൂലം പഠന സൗകര്യവും നിരവധി പേർക്ക് തൊഴിലും നഷ്ടപ്പെടാനിടയാകുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. കെ. എൻ. എ. ഖാദറും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നല്കിയിരുന്നു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

ശ്രദ്ധ ക്ഷണിക്കൽ :

(1) ആങ്കിലോസിംഗ് സ്പോണ്ടിലൈറ്റിസിന് സംസ്ഥാനത്ത് സൗജന്യ ചികിത്സ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. മുരളി പെരുനെല്ലി ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) കാർഡമം ഹിൽ റിസർവ് (സി.എച്ച്.ആർ.) ഏരിയയിൽ ഭൂമി പതിച്ച് ലഭിച്ചിട്ടുള്ളവർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. റോഷി അഗസ്റ്റിൻ റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 821/2018. (i).

<u>ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ :</u>

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ സഭയിൽ ഉന്നയിച്ചു

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീമതി പി. അയിഷാ പോറ്റി | നെടുമൺ തോട്ടിൽ ജീവൻ രക്ഷാ പ്രവർത്തനം നടത്തവെ മരണപ്പെട്ട സത്യന്റെ കുടുംബത്തിന് സഹായം നൽകുന്നത് | മുഖ്യമന്ത്രി |
| 2 | ശ്രീ. ജി. എസ്. ജയലാൽ | ചാത്തന്നൂർ തിരുമുക്കിലെ റോഡപകടത്തിൽ മരണപ്പെട്ടവർക്ക് സഹായം നൽകുന്നത് | മുഖ്യമന്ത്രി |
| 3. | ശ്രീ. സി. കെ.നാണു | രയരങ്ങോരത്ത് കയർ സഹകരണ സംഘം | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 4 | ശ്രീ. എ. എൻ. ഷംസീർ | തലസ്സീമിയ രോഗബാധിതരുടെ ചികിത്സ | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 5 | ശ്രീ. വി. എസ്. അച്ചുതാനന്ദൻ | മലമ്പുഴ റിംഗ് റോഡിന്റെ പ്രവൃത്തി | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 6 | ശ്രീ. മഞ്ഞളാംകുഴി അലി | അരിപ്രയിലെ റോഡ് നിർമ്മാണത്തിലെ അപാകത | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 7 | ശ്രീ. ബി. സത്യൻ | ആറ്റിങ്ങൽ ദേശീയപാതയിൽ മൂന്ന് മുക്ക് മുതൽ പൂവമ്പാറ വരെ വീതി കൂട്ടുന്നത് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീ. മോൻസ് ജോസഫ് | കോട്ടയം ടെക്സ്റ്റയിൽസ് നവീകരണം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | സുൽത്താൻ ബത്തേരിയിലെ വന്യമൃഗ ശല്യം | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |
| 10 | ശ്രീ. ഹൈബി ഈഡൻ | പി.&ടി. കോളനി, ഉദയാ കോളനി എന്നിവ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

<u>പ്രത്യേക പരാമർശം</u> :

ഇറാക്കിലെ മൊസൂളിൽ 39 ഇന്ത്യാക്കാരെ ഐ.എസ്. ഭീകരർ കൊലപ്പെടുത്തിയ സംഭവത്തെ അപലപിച്ചുകൊണ്ട് സ്പീക്കർ സഭയിൽ പ്രത്യേക പരാമർശം നടത്തി. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല എന്നിവരും സംഭവത്തെ അപലപിച്ചുകൊണ്ട് ഹ്രസ്വ പ്രസ്താവന നടത്തി.

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു :

(1) സബ്ജക്ട് കമ്മിറ്റി XI-ന്റെ 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്.

(2) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട്.

<u>റൂളിംഗ്</u> :

കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധിയുമായി ബന്ധപ്പെട്ട് ധനകാര്യവും കയറും വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ നടത്തിയ പ്രഖ്യാപനത്തിന് വിരുദ്ധമായി ധനകാര്യവകുപ്പ് നടപടി സ്വീകരിച്ചെന്നും പ്രസ്തുത നടപടി സംബന്ധിച്ച് മന്ത്രി സഭയിൽ സമർപ്പിച്ച ഫിഡലിറ്റി സർട്ടിഫിക്കറ്റ് തെറ്റാണെന്നും ആരോപിച്ചുകൊണ്ട് ശ്രീ. മഞ്ഞളാംകുഴി അലി ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല എന്ന് സ്പീക്കർ റൂൾ ചെയ്തു.

ധനകാര്യം :

## 2018 -19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ അനുവദിക്കണമെന്ന പ്രമേയം ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മേശപ്പുറത്തുവച്ചു.

XX -ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 3, 4, 5, 6, 7, 9, 11, 13, 14, 15, 18, 20, 24 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXIX-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 4, 5, 7, 9, 10, 11, 12, 14, 16, 17, 18, 20, 21, 25, 27, 28, 29, 30 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXXVIII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 6, 7, 8, 9, 10, 11, 12, 14, 17, 20, 23 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. പി. ടി. തോമസ്

ശ്രീ. മുഹമ്മദ് മുഹസിൻ പി.

ശ്രീ. സി. മമ്മൂട്ടി

ശ്രീ. കെ. കൃഷ്ണൻകുട്ടി

ശ്രീമതി വീണാ ജോർജ്ജ്

ശ്രീ. മോൻസ് ജോസഫ്

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. പി. സി. ജോർജ്ജ്

ശ്രീമതി യു. പ്രതിഭ ഹരി

ശ്രീ. റോജി. എം. ജോൺ

ശ്രീ. പി. കെ. ശശി

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കെ. എൻ. എ. ഖാദർ

ശ്രീ. ജെയിംസ് മാത്യു

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസും കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറും മറുപടി പറഞ്ഞു. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XX, XXIX, XXXVIII എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

2018 മാർച്ച് 22-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 3.46- ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

## FOURTEENTH KERALA LEGISLATIVE ASSEMBLY

**Tenth Session**

## BULLETIN—PART I

(Brief Record of Proceedings)

*Wednesday, March 21, 2018*

**No.118**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions* :

Four questions in the list of questions posted for the day were answered orally.

*Adjournment Motion* :

After hearing the Minister for Education, the Speaker withheld consent to the moving of an adjournment motion given notice of by Shri K.N.A. Khader and two other Members regarding the serious situation reported to have arisen consequent to the decision of the Government to close down the unrecognised unaided schools in the state as a part of the implementation of the Right to Education Act, which may result in loss of jobs and education facilities.

*Calling Attention* :

(1) Shri Murali Perunelly called attention of the Minister for Health and Social Justice to the necessity to provide free treatment for Ankylosing Spondylitis in the State. The Minister made a statement thereto.

(2) Shri Roshy Augustine called the attention of the Minister for Revenue and Housing to the necessity to solve the various problems faced by the land assignees in Cardamom Hill Reserve (C.H.R) Area. The Minister made a statement thereto.

KNPP. 821/2018. (ii).

*Matters raised under Rule 304* :

The matters raised under Rule 304 are listed below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീമതി പി. അയിഷാ പോറ്റി | നെടുമൺ തോട്ടിൽ ജീവൻ രക്ഷാ പ്രവർത്തനം നടത്തവെ മരണപ്പെട്ട സത്യന്റെ കുടുംബത്തിന് സഹായം നൽകുന്നത് | മുഖ്യമന്ത്രി |
| 2 | ശ്രീ. ജി. എസ്. ജയലാൽ | ചാത്തന്നൂർ തിരുമുക്കിലെ റോഡപകടത്തിൽ മരണപ്പെട്ടവർക്ക് സഹായം നൽകുന്നത് | മുഖ്യമന്ത്രി |
| 3. | ശ്രീ. സി. കെ. നാണു | രയരരങ്ങാരത്ത് കയർ സഹകരണ സംഘം | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 4 | ശ്രീ. എ. എൻ. ഷംസീർ | തലസ്സീമിയ രോഗബാധിതരുടെ ചികിത്സ | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 5 | ശ്രീ. വി. എസ്. അച്ചുതാനന്ദൻ | മലമ്പുഴ റിംഗ് റോഡിന്റെ പ്രവൃത്തി | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 6 | ശ്രീ. മഞ്ഞളാംകുഴി അലി | അരിപ്രയിലെ റോഡ് നിർമ്മാണത്തിലെ അപാകത | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 7 | ശ്രീ. ബി. സത്യൻ | ആറ്റിങ്ങൽ ദേശീയപാതയിൽ മൂന്ന് മുക്ക് മുതൽ പൂവമ്പാറ വരെ വീതി കൂട്ടുന്നത് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീ. മോൻസ് ജോസഫ് | കോട്ടയം ടെക്സ്റ്റയിൽസ് നവീകരണം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | സുൽത്താൻ ബത്തേരിയിലെ വന്യമൃഗ ശല്യം | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |
| 10 | ശ്രീ. ഹൈബി ഈഡൻ | പി.&ടി. കോളനി, ഉദയാ കോളനി എന്നിവ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി. |

The Ministers concerned made statements on the respective subjects.

*Special Mention* :

The Speaker made a mention condemning the massacre of 39 Indian nationals by the I.S. terrorists in Mosul, Iraq. The Chief Minister Shri Pinarayi Vijayan and Leader of Opposition, Shri Ramesh Chennithala also made brief condemning the happening.

*Presentation of Reports* :

The following Reports were presented:

(1) The Report of the Subject committee XI on the Kerala Co-operative Societies (Amendment) Bill, 2018.

(2) The Sixth Report of the Committee on Welfare of Women, Children and Physically Handicapped

*Ruling* :

The Speaker ruled that the point of order raised by Shri Manjalamkuzhi Ali, Alleging that the action taken by the finance Department with regard to KIIFB contradicted with the declaration made by Minister for Finance and Coir in Budget Speech and that the fidelity certificate presented in the House with regard to the action so taken was wrong was not standing.

*Financial Business* :

Discussion and Voting on Demands for Grants in the Budget for the financial year 2018-2019

Shri Mathew T. Thomas, Minister for Water Resources moved Demand No. XX—Water Supply and Sanitation and Demand No.XXXVIII—Irrigation for the amounts shown against them in column No.5 in the list of Demands for Grants and Shri V. S. Sunil Kumar, Minister for Agriculture moved Demand No. XXIX—Agriculture for the amount shown against it under column No.5 in the list of Demands for Grants.

The Minister for Finance and Coir laid on the table statements under Rule 236(3) with regard to these Demands.

The cut motion Nos. 1, 3, 4, 5, 6, 7, 9, 11, 13, 14, 15, 18, 20 and 24 in the list of cut motions for Demand No. XX the cut motion Nos.1, 2, 4, 5, 7, 9, 10, 11, 12, 14, 16, 17, 18, 20, 21, 25, 27, 28, 29 and 30 in the list of cut motions for Demand No. XXIX cut motion Nos. 1, 2, 3, 6, 7, 8, 9, 10, 11, 12, 14, 17, 20 and 23, in the list of cut motions for Demand No. XXXVIII were moved.

The following Members took part in the discussion:

Shri K. V. Vijayadas

Shri P. T. Thomas

Shri Muhammed Muhassin P.

Shri C. Mammutty

Shri K. Krishnankutty

Smt. Veena George

Shri Mons Joseph

Shri Murali Perunelly

Shri P. C. George

Smt. U. Pratibha Hari

Shri Roji M. John

Shri P. K. Sasi

Shri G. S. Jayalal

Shri K. N. A. Khader

Shri James Mathew

Shri Thiruvanchoor Radhakrishnan.

Shri Mathew T. Thomas, Minister for Water Resources and Shri V. S. Sunil Kumar, Minister for Agriculture replied to the points raised during the discussion. The cut motions were declared lost. Then the Demand No. XX, XXIX and XXXVIII were put to vote and passed.

The House adjourned at 3.46 p.m. to meet again 8.30 a.m. on Thursday, March 22, 2018.

V. K. BABU PRAKASH,
*Secretary.*